**തദ്ദേശസ്വയംഭരണവകുപ്പ് – പാലക്കാട് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല – ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ Issac Varghese, Chairman, Aabel v-sac India Pvt LTD.-Fortune Mall, Kanjikkode എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 07.06.2024</u>**

മേൽ സൂചന പ്രകാരം ശ്രീ Issac Varghese, Chairman, Aabel v-sac India Pvt LTD.-Fortune Mall, Kanjikkode എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ, പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നിർമിച്ച കെട്ടിത്തിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണനക്കായി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി(5) മുമ്പാകെ ലഭിച്ചിരുന്നു.

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ശ്രീ Issac Varghese, Chairman, Aabel v-sac India Pvt LTD.-Fortune Mall, Kanjikkode എന്നയാൾ പുതുശ്ശേരി വെസ്റ്റ് വില്ലേജിലെ ബ്ലോക്ക് 35, റീസർവ്വേ 146/10 ല് ഫോർച്യൂൺ മാൾ എന്ന കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ച സ്ഥലത്തിന് തർക്കമുള്ളതിനാൽ പുതുശ്ശേരി വില്ലേജ് ഓഫീസർ ശ്രീ ഐസക് വർഗീസ് എന്നവരുടെ പേരിൽ കൈവശസർട്ടിഫിക്കറ്റ്, ഭൂനികുതി രശീത് തുടങ്ങിയ രേഖകൾ അനുവദിച്ചിട്ടില്ല. ശ്രീ ഐസക് വർഗീസ് എന്നവരുടെ ഉടമയിൽ ടി രേഖകൾ ഹാജരാക്കുന്ന മുറക്ക് തുടർനടപടി കൈക്കൊള്ളുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, പരാതിക്കാരനും നേരിൽ ഹാജരായി. പരാതിക്കാരനെ നേരിൽ കേട്ടതിൽ ടി രേഖകൾ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ലെന്നും, അവ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നതായും അറിയിച്ചു. അപേക്ഷകനിൽ നിന്നും ടി ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

ഒപ്പ്

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ Issac Varghese, Chairman, Aabel v-sac India Pvt LTD.-Fortune Mall, Kanjikkode